(ഇ) പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ ഒരു ഭാഗം വാണിജ്യ ആവശ്യങ്ങൾക്ക് വാടകയ്ക്ക് കൊടുത്തിരുന്നുവോ;

(എഫ്)ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പതിച്ചു നൽകിയിട്ടുണ്ട്.

(ബി) സൗജന്യമായി പതിച്ചുകൊടുക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

(സി) സെന്റൊന്നിന് രണ്ട് ലക്ഷം രൂപ.

(ഡി) സർക്കാർ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു സർവ്വീസ് സംഘടന എന്ന നിലയിലുള്ള പരിഗണനയുടെ അടിസ്ഥാനത്തിലാണ് സൗജന്യമായി പതിച്ചു നൽകിയത്.

(ഇ)&(എഫ്) വാടകയ്ക്ക് കൊടുത്തിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വാണിജ്യാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നതായി മുൻപ് ശ്രദ്ധയിൽപ്പെടാതിരുന്നതുകൊണ്ട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

69 (593) കോട്ടയം ജില്ലയിലെ വില്ലേജ്മാൻ തസ്തികയിലെ ഒഴിവുകൾ

ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റവന്യൂ വകുപ്പിൽ വില്ലേജ്മാൻ തസ്തികയ്ക്കു വേണ്ടി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) കോട്ടയം ജില്ലയിൽ വില്ലേജ്മാന്റെ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ 99 ഒഴിവുകളുണ്ട്. ഇതിൽ 94 ഒഴിവുകൾ പി.എസ്.സി.യ്ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

70 (594) ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ നിർത്തലാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര ഗ്രൂപ്പു വില്ലേജുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേർപ്പ് നിയോജകമണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജുകൾ നിർത്തലാക്കി സ്വന്തമായി വില്ലേജ് ഓഫീസുകൾ പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വല്ലച്ചിറ, ആറാട്ടുപുഴ വില്ലേജുകൾ ഉൾപ്പെടുന്ന വല്ലച്ചിറ പഞ്ചായത്തിൽ പ്രസ്തുത വില്ലേജുകൾക്ക് സ്വന്തം കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) അന്തിക്കാട് വില്ലേജിൽ നിന്ന് പുള്ളു പ്രദേശം വേർപെടുത്തി ആലപ്പാട് വില്ലേജിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഗ്രൂപ്പു "വില്ലേജ് ഓഫീസുകൾ വിഭജിച്ചു" പ്രത്യേകം ഓഫീസ് നിർമ്മിച്ചു നൽകാൻ ഗവൺമെന്റ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) 112 ഗ്രൂപ്പു വില്ലേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി)&(ഡി) സംസ്ഥാനത്തെ എല്ലാ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ടിന്റെയും മറ്റുമുള്ള കാര്യങ്ങൾ പരിശോധനയിലാണ്.

(ഇ) സെൻസസ് പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ 2001 മാർച്ച് വരെ അതിർത്തി വ്യതിയാനങ്ങൾ പാടില്ലെന്ന് നിർദ്ദേശിച്ചിരിക്കുന്നതുകൊണ്ട് ഇപ്പോൾ തീരുമാനമെടുക്കുവാൻ കഴിയുകയില്ല.

71 (595) മരം മുറിച്ചതിനെതിരെ നടപടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിൽ പേരിയ വില്ലേജിൽ സർവ്വേ നമ്പർ 88 -ൽ ഉള്ള ഭൂമിയ്ക്ക് എത്ര സബ് ഡിവിഷനുണ്ട്; ഓരോ സബ് ഡിവിഷന്റെ വിസ്തീർണ്ണം എത്ര; ഈ ഭൂമി നിക്ഷിപ്ത വനമാണോ അതോ 1996-ലെ വന സംരക്ഷണ നിയമത്തിലെ സെക്ഷൻ-5 ന്റെ പരിധിയിൽ വരുന്ന ഭൂമിയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിലുള്ള മരം വെട്ടിയതിനെ സംബന്ധിച്ച് 2000 ഏപ്രിൽ മാസത്തിൽ ജില്ലാ കളക്ടർ റവന്യൂ സെക്രട്ടറിക്ക് റിപ്പോർട്ട് അയച്ചിരുന്നുവോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങളാണ് പരാമർശിച്ചിരുന്നത്;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ഒരന്വേഷണം ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ അന്വേഷണത്തിന് കാലതാമസമുണ്ടാകാൻ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏഴ് സബ് ഡിവിഷനുണ്ട്. അതിന്റെ വിസ്തീർണ്ണം ഇനി പറയും പ്രകാരമാണ്.

88/1-എ1 - 300.97 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly